**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 821** **28-01-2026 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രങ്ങളുടെ നിർബന്ധ ഓഡിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ നിർബന്ധമായ ഓഡിറ്റുകൾ നിയമ പ്രകാരം സമയബന്ധിതമായി നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഓഡിറ്റ് സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേനയാണ് നടത്തുന്നത്. ഗുരുവായൂർ ദേവസ്വത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഒരു വിംങ് തന്നെ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത വിങ് concurrent Audit ആണ് നടത്തുന്നത്. തിരുവിതാംകൂർ, കൊച്ചിൻ, കൂടൽമാണിക്യം, മലബാർ ദേവസ്വം ബോർഡുകളിലും ഇന്റേണൽ ഓഡിറ്റ് സംവിധാനങ്ങൾക്ക് പുറമെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കൃത്യമായ ഓഡിറ്റിംഗ് നടക്കുന്നുണ്ട്. വാർഷിക കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് സമയബന്ധിതമായി നടത്തിവരുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം എന്നിവയുടെ 2021-2022 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളും കൊച്ചിൻ ദേവസ്വം ബോർഡ്, കൂടൽമാണിക്യം ദേവസ്വം എന്നിവയുടെ 2023-2024 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ഓഡിറ്റ് ഓഡിറ്റ് പ്ലാൻ അനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ചെയ്തുവരുന്നു. |
| (ബി) | നിരവധി ക്ഷേത്രങ്ങളുടെയും ദേവസ്വം സ്ഥാപനങ്ങളുടെയും ഭൂസമ്പത്തും മറ്റ് ആസ്തികളും സംരക്ഷിക്കപ്പെടാതിരിക്കുന്നതായും അനധികൃത കയ്യേറ്റങ്ങൾ നടക്കുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | അനധികൃത കയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേവസ്വം ബോർഡുകളിൽ ആസ്തി രജിസ്റ്റർ, ലാന്റ് രജിസ്റ്റർ, തിരുവാഭരണം രജിസ്റ്റർ മുതലായവ ഓഡിറ്റിൽ പരിശോധിക്കുകയും ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും പരിഹാര നടപടികൾ സ്വീകരിച്ചുവരികയും ചെയ്തുവരുന്നുണ്ട്.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ വരുന്നതായ ദേവസ്വം ഭൂമികളിൽ |

കണ്ടെത്തുന്ന അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ദേവസ്വം ബോർഡ് ആസ്ഥാനത്ത് 'ഭൂസംരക്ഷണ വിഭാഗം' എന്ന പ്രത്യേക യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ആഫീസ് മുഖാന്തിരം ദേവസ്വം സ്ഥാപനങ്ങളുടെയും ക്ഷേത്രങ്ങളുടെയും ഭൂസമ്പത്ത് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രഭൂമികളിൽ അനധികൃത കയ്യേറ്റം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇത് ഒഴിപ്പിക്കുന്നതിന് ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ലാന്റ് കൺസർവൻസി യൂണിറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ ദ്വാരക ബീച്ചിനടുത്തുള്ള സ്ഥലത്ത് കയ്യേറ്റങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുള്ളതും ഈ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് ഒഴിപ്പിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് വിഷയം കൈമാറിയിട്ടുള്ളതുമാണ്. ഗുരുവായൂർ ദേവസ്വം കീഴേടം വെർമാന്നൂർ ക്ഷേത്ര ഭൂമിയിൽ കയ്യേറ്റം ഉള്ളതായി കണ്ടെത്തുകയും ആയത് ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ സ്വത്തുക്കൾക്ക് ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) നിയമത്തിലെ 94 (എ) വകുപ്പ് പ്രകാരം ലാന്റ് കൺസർവൻസി ആക്ട് ബാധകമാണ്. മലബാർ ദേവസ്വം ബോർഡിന് ദേവസ്വം ഭൂമിയ്ക്ക് മേൽ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ അതാത് ക്ഷേത്രഭരണാധികാരികളാണ് ക്ഷേത്രഭൂമി സംരക്ഷിക്കേണ്ടതും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതും. ക്ഷേത്രഭൂമികളിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി 2007 ൽ സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണം നടത്തിയതിൽ 24693 ഏക്കറോളം ക്ഷേത്രഭൂമി കയ്യേറ്റം നടന്നതായി കണ്ടെത്തുകയുണ്ടായി. ക്ഷേത്രഭൂമികളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ലാന്റ് കൺസർവൻസി ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ക്ഷേത്രഭരണാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ക്ഷേത്രഭൂമി വർഷങ്ങൾക്ക് മുൻപ് അനധികൃതമായി കയ്യേറ്റം നടത്തി നിലവിൽ

| | | | |
|---|---|---|---|
| | | | പട്ടയം അനുവദിക്കുന്നതിനായി വിവിധ ലാന്റ് ട്രിബ്യൂണലുകൾ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ, ക്ഷേത്രഭരണാധികാരികൾ ഏകപക്ഷീയമായി എതിർപ്പില്ലാ രേഖ സമർപ്പിക്കാൻ പാടില്ലായെന്നും മലബാർ ദേവസ്വം ബോർഡിന്റെ അനുമതി ഇക്കാര്യത്തിൽ വേണ്ടതാണെന്നും വ്യക്തമാക്കി സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (സി) | എങ്കിൽ ഇത് തടയാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വങ്ങളുടെ കീഴിൽ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ലാന്റ് കൺസർവൻസി യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ, ദേവസ്വം ഭൂമികളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമികൾ തിരിച്ചുപിടിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ മുഖേന നടന്നുവരുന്നുണ്ടെന്ന് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.<br><br>കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കൊച്ചി ദേവസ്വം ബോർഡിൽ സ്പെഷ്യൽ തഹസിൽദാർ വിഭാഗം (എൽ.സി. യൂണിറ്റ്) ഉള്ളതും KLC Act പ്രകാരം അളവ് നടപടികൾ സ്വീകരിച്ച് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വരുന്നതുമാണ്.<br><br>മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന മലപ്പുറം ജില്ലയിലെ പന്തല്ലൂർ വില്ലേജിലെ ശ്രീ പന്തല്ലൂർ ദേവസ്വത്തിന് കീഴിൽ വരുന്നതും ബാലന്നൂർ പ്ലാന്റേഷൻസ് അനധികൃതമായി കൈവശം വച്ച് വന്നിരുന്നതുമായ 15.5130 ഹെക്ടർ (324 ഏക്കർ) ഭൂമി ബഹു. ഹൈക്കോടതിയുടെ WP(C) 9391/2008 വിധി പ്രകാരം 07.08.2018 ന് ദേവസ്വം ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പാലക്കാട് കല്ലേകുളങ്ങര ശ്രീ ഏമൂർ ഭഗവതി ക്ഷേത്രത്തിന്റെ കീഴിൽ വരുന്നതും പാട്ട കാലാവധി 1997 ൽ പൂർത്തിയായിട്ടും കൈമാറാതെ അനധികൃതമായി കൈവശം വച്ച് വരുന്നതുമായ 694.32 ഏക്കർ ഭൂമി ബഹു. ഹൈക്കോടതിയുടെ RSA 515/2012 & connected case – മായി ബന്ധപ്പെട്ട് 10.01.2026 – ലെ വിധിയുടെ പശ്ചാത്തലത്തിൽ നിയമാനുസൃതം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ